# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 870 — 07.02.2013 - ൽ മറുപടിക്ക്

## കുടിവെള്ള വിതരണത്തിലെ സ്വകാര്യ പങ്കാളിത്തം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ ബാബു എം. പാലിശ്ശേരി | | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ള വിതരണത്തിന് സ്വകാര്യമേഖലയ്ക്ക് മുൻതൂക്കം നൽകി പുതിയ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നമ്പർ 103/2012/ഡബ്ല്യു.ആർ.ഡി തീയതി 31.12.2012 പ്രകാരം സിയാൽ മാതൃകയിൽ കേരള ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ കമ്പനി ലിമിറ്റഡ് രൂപീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഒരു പ്രത്യേക പ്രദേശത്തേക്ക് മാത്രമായി പരിമിതപ്പെടുത്തി ജലശുദ്ധീകരണം നടത്തി കുടിവെള്ളമായി വിതരണം ചെയ്യുന്ന പദ്ധതികൾ സംസ്ഥാനത്താകമാനം നടപ്പിലാക്കുന്നതിന്, സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള പൊതുടാപ്പുകളുടെ നിലനില്പുമായി ഈ പദ്ധതിക്ക് യാതൊരു ബന്ധവുമില്ല. ഇതിന് വേണ്ടി വരുന്ന മുതൽമുടക്കിന്റെ 23% വാട്ടർ അതോറിറ്റി വഹിക്കുന്നതാണ്. |
| (ബി) എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ ? | (ബി) | സർക്കാർ ഉത്തരവു പ്രകാരം കേരള സർക്കാറിന്റെ ഇക്വിറ്റി 26% വും (₹2.6 കോടി) കേരള വാട്ടർ അതോറിറ്റിയുടെ ഇക്വിറ്റി 23% വും ബാക്കിയുള്ളത് സ്വകാര്യ സെക്ടറുകളുടേതുമായി നിർദ്ദേശിച്ചിട്ടുണ്ട്.<br>ജലവിഭവ വകുപ്പു മന്ത്രി ചെയർമാനായുള്ള ഡയറക്ടർ ബോർഡിൽ പ്രിൻസിപ്പൽ സെക്രട്ടറി (ജലവിഭവം), സെക്രട്ടറി (ഫിനാൻസ്), സെക്രട്ടറി (തദ്ദേശസ്വയംഭരണം), വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് (മാനേജിംഗ് ഡയറക്ടർ), വാട്ടർ അതോറിറ്റി ബോർഡ് നിർദ്ദേശിക്കുന്ന |

ഒരു സീനിയർ എഞ്ചിനീയർ എന്നിവർ അംഗങ്ങളും മൂന്ന് കോടിയിൽ കൂടുതൽ വിഹിതമുള്ള ഷെയർ ഹോൾഡർമാരും ഉണ്ടായിരിക്കുന്നതാണ്.

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നമ്പർ 103/2012/ ഡബ്ല്യൂ.ആർ.ഡി തീയതി 31.12.2012 പ്രകാരവും ബജറ്റ് പ്രസംഗത്തിലും ഒരു വർഷത്തെ കർമ്മ പരിപാടിയിലും സർക്കാർ സിയാൽ മാതൃകയിൽ കേരള ഡ്രിങ്കിംഗ് വാട്ടർ കമ്പനി ലിമിറ്റഡ് സ്ഥാപിക്കുവാനുള്ള നടപടികൾ പ്രഖ്യാപിച്ചു. ഈ ലിമിറ്റഡ് കമ്പനി സംസ്ഥാനത്ത് ഉടനീളമുള്ള കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള വാട്ടർ ഫിൽറ്ററേഷനും ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ പ്ലാന്റുകളുടെ കൺസ്ട്രക്ഷനും. ഡെവലപ്പിംഗിനും. മെയിന്റനൻസിനും ഓപ്പറേഷനും വേണ്ടിയുള്ള ഒരു സിംഗിൾ നോഡൽ ഏജൻസിയാണ്.

മാർച്ച് 2014 ന് മുമ്പ് പഞ്ചായത്തുകളിലും മാർച്ച് 2015 ന് മുമ്പ് മുനിസിപ്പാലിറ്റികളിലും, മാർച്ച് 2016 ന് മുമ്പ് കോർപ്പറേഷനുകളിലും കമ്പനി ഈ പദ്ധതി നടപ്പിലാക്കേണ്ടതാണ്. സെൽഫ് സസ്റ്റെയ്നബിൾ ബേസിസിൽ 4 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 100% ശുദ്ധജലവിതരണം കമ്പനി ഉറപ്പാക്കുന്നാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്.

(signature)

സെക്ഷൻ ഓഫീസർ